ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിന്റെയും മുകൾനിലയിലെയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ടോമാകെയറിന്റെ അറ്റകുറ്റപ്പണികളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡ്, ആർ.എം.ഒ. ക്വാർട്ടേഴ്സ്, നഴ്സ് ക്വാർട്ടേഴ്സ്, നിലവിൽ ഡി.എം.ഇ.-യുടെ അധീനതയിലുള്ള ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. ഒ.പി. വിഭാഗങ്ങൾ, ലാബ്, വാർഡുകൾ, എക്സ്റേ വിഭാഗങ്ങൾ ഇവയുടെ അറ്റകുറ്റപ്പണികൾക്ക് വേണ്ട എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി.യിൽനിന്നും ലഭിച്ചിട്ടുണ്ടെന്നും ഭരണാനുമതിക്കായി ഉടൻ സമർപ്പിക്കുന്നതാണെന്നും ജില്ലാ മെഡിക്കൽ ആഫീസർ അറിയിച്ചിട്ടുണ്ട്.

കിടത്തി ചികിത്സാസൗകര്യമുള്ള ആശുപത്രികൾ

35 (727) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിടത്തി ചികിത്സാ സൗകര്യമുള്ള മെഡിക്കൽ കോളേജ് ആശുപത്രികളുൾപ്പെടെ എത്ര സർക്കാർ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവയിലൊട്ടാകെ എത്ര കിടക്കകളാണുള്ളത് ; ശരാശരി എത്ര രോഗികളെ കിടത്തി ചികിത്സിക്കേണ്ടിവരാറുണ്ട് ;

(സി) മെഡിക്കൽ കോളേജാശുപത്രികൾ, എസ്.എ.ടി. പോലുള്ള വനിതാ ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമായ കിടക്കകളിലും വളരെയധികം രോഗികളെ കിടത്തി ചികിത്സിക്കേണ്ടിവരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ ;

(ഡി) ഇത്തരം ആശുപത്രികളിലെ കിടത്തി ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ?

ഉത്തരം

(എ) 8 സർക്കാർ മെഡിക്കൽ കോളേജുകളിലും കിടത്തി ചികിത്സ നടത്തിവരുന്നുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെകീഴിൽ കിടത്തി ചികിത്സാ സൗകര്യമുള്ള 535 സർക്കാർ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആകെ 10518 കിടക്കകളാണ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഉള്ളത്. ഇവിടെ 100 ശതമാനം കിടക്കകളും രോഗികളുള്ളതാണ്. മറ്റ് സർക്കാർ ആശുപത്രികളിൽ ആകെ 35816 കിടക്കകളാണുള്ളത്. ഈ ആശുപത്രികളിൽ ഒരു മാസം ശരാശരി 267978 രോഗികളെ കിടത്തി ചികിത്സിക്കേണ്ടതായി വരുന്നു.

(സി&ഡി) അനുവദനീയമായ കിടക്കകളുടെ എണ്ണത്തിൽ കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കേണ്ടിവരുന്നുണ്ട്. എന്നാൽ രോഗികൾക്ക് അസൗകര്യം വരാത്ത രീതിയിൽ കിടക്കുന്നതിനുള്ള സൗകര്യം നൽകിവരുന്നുണ്ട്.

മഞ്ചേരി മെഡിക്കൽ കോളേജിൽ കാത്ത്‌ലാബ് സംവിധാനം

36 (728) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മെഡിക്കൽ കോളേജിൽ കാത്ത്‌ലാബ് സംവിധാനം ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനം ഒരുക്കുന്നതിന് നിലവിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സൗകര്യം ഈ വർഷംതന്നെ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) മഞ്ചേരി മെഡിക്കൽ കോളേജിൽ കാത്ത്‌ലാബ് സംവിധാനം ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

ആലപ്പുഴ മെഡിക്കൽ കോളേജിന്റെ നവീകരണം

37 (729) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ നവീകരണത്തിനായി പി.എം.എസ്.എസ്.വൈ. പദ്ധതിപ്രകാരം വിശദമായ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ആലപ്പുഴ മെഡിക്കൽ കോളേജിന്റെ നവീകരണത്തിനായി കേന്ദ്രസർക്കാർ എത്രയുകയാണ് അനുവദിച്ചിട്ടുള്ളത് ;

(സി) പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരം സംസ്ഥാന വിഹിതം എത്രയാണ് ; അതുപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് ആലപ്പുഴ മെഡിക്കൽ കോളേജിൽ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly